തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**

വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

**നമ്പർ: 3353/എ2/2023/അഡ്മിൻ.** **തീയതി: തിരൂർ,28.11.2023**

## പുനർ-ക്വട്ടേഷൻ നോട്ടീസ്

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല-അക്ഷരം ക്യാമ്പസിൽ സ്റ്റുഡന്റ്സ് സ്റ്റോർ നടത്തുന്നതിന് യോഗ്യരായവരിൽ നിന്നും പുനർ-ക്വട്ടേഷൻ ക്ഷണിക്കുന്നു**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല അക്ഷരം ക്യാമ്പസിൽ വിദ്യാർത്ഥികൾക്കാവശ്യമായ വിവിധങ്ങളായ സ്റ്റേഷനറി സാധനങ്ങൾ ന്യായവിലക്ക് വിൽക്കുന്നതിനും ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിച്ച് ഫോട്ടോകോപ്പി എടുത്തു നൽകുന്ന സേവനങ്ങൾ നൽകുന്നതിനുമായി സ്റ്റുഡന്റ്സ് സ്റ്റോർ നടത്തുന്നതിന് യോഗ്യരായവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. സ്റ്റോർ നടത്തുന്നതിനാവശ്യമായ സ്ഥലസൗകര്യം സർവ്വകലാശാല നൽകുന്നതാണ്. റൂമിന്റെ വാടകയും, വൈദ്യുതി ചാർജ്ജും സ്ഥാപനം നടത്താൻ അനുവാദം ലഭിക്കുന്ന വ്യക്തികൾ നൽകേണ്ടതാണ്. സ്റ്റോറിൽ വിൽക്കാൻ വെക്കേണ്ട സാധനങ്ങളുടെ പട്ടിക സർവ്വകലാശാല അധികൃതർ നൽകുന്നതും, സ്റ്റോറിന്റെ പ്രവർത്തനം മോണിറ്ററിങ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുമായിരിക്കും.

ക്വട്ടേഷനുകൾ 12-12-2023 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സർവ്വകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. "**സ്റ്റുഡന്റ്സ് സ്റ്റോർ നടത്തുന്നതിനുള്ള ക്വട്ടേഷൻ**" എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവ്വകലാശാല വൈസ്ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചക്കകം സ്റ്റുഡന്റ്സ് സ്റ്റോർ പ്രവർത്തന സജ്ജമാക്കിയിരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 9946099705 എന്ന നമ്പറിലോ, WWW.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

**രജിസ്ട്രാർ**

**പകർപ്പ്:**

വി.സി. കാര്യാലയം/മലയാള സർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/മലയാള സർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/അക്കൗണ്ട്സ്/പി.ആർ.ഒ/എ.എ.ഒ./തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/ എസ്റ്റേറ്റ് ഓഫീസർ/ നിറമരുതൂർ ഗ്രാമപഞ്ചായത്ത്/ആഫീസ്രേഖ/കരുതൽരേഖ